Vol 03 Issue 04 April-June 2012

FROM THE HOUSE OF ESAF

# LAHANTI

20th ANNIVERSARY celebrations 1992-2012 ESAF

ESAF MICROFINANCE Creating Opportunities

...means development in Santhali, the language of an underdeveloped tribal group in Eastern India.

## ചിന്തിക്കൂ ഒരു നിമിഷം...

# നല്ലത് പ്രതീക്ഷിക്കുക



നാളയെക്കുറിച്ചുള്ള പ്രതീക്ഷകളാണ് ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പ്രശ്നങ്ങളും ദുരന്തങ്ങളുമാണ് നമ്മെ കാത്തിരിക്കുന്നത് എന്ന ചിന്ത നമ്മെ മാനസികമായി തളർത്തും, ശാരീരികമായി ക്ഷീണിപ്പിക്കും. 'എല്ലാം നന്നായി അവസാനിക്കും' എന്ന ചിന്ത ജീവിതത്തെ സൗഹൃദഭാവത്തോടെ സ്വീകരിക്കുവാനും പ്രശ്നങ്ങളെ സമചിത്തതയോടെ നേരിടുവാനും നമ്മെ സഹായിക്കും.

രാവിലെ ഉണരുമ്പോൾ 'ഇന്ന് ഒരു നല്ല ദിവസമായിരിക്കും' എന്ന ചിന്ത നമ്മെ ഭരിക്കുന്നുവെങ്കിൽ ആ ദിവസം നന്നായിരിക്കാനുള്ള സാധ്യത കൂടുതലാണ്. നമ്മുടെ ചിന്തകൾ സാഹചര്യങ്ങളെ വ്യത്യാസപ്പെടുത്തുന്നില്ലെങ്കിലും സാഹചര്യങ്ങളോടുള്ള സമീപനത്തെ വ്യത്യാസപ്പെടുത്തുന്നു. സാഹചര്യങ്ങളെ നല്ല രീതിയിൽ സമീപിക്കുമ്പോൾ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയും പുതിയ സാദ്ധ്യതകൾ തെളിഞ്ഞു വരികയും ചെയ്യുന്നു.

ദൈവം നല്ലവനാണ് എന്ന വിശ്വാസമാണ് നല്ല ചിന്തകളുടെ അടിസ്ഥാനം. നല്ലവനായ ദൈവം ചെയ്യുന്നതെല്ലാം ആത്യന്തികമായ നന്മയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ്. നാം ആഗ്രഹിക്കുന്നതെല്ലാം നമുക്ക് ലഭിക്കുന്നത് നമ്മുടെ നല്ലതിനായിരിക്കണമെന്നില്ല. അതുപോലെ തിന്മയെന്ന് നാം ചിന്തിക്കുന്ന കാര്യങ്ങൾ പോലും ആത്യന്തികമായി നമ്മുടെ നന്മയ്ക്കുള്ള മുഖാന്തിരമാക്കി തീർക്കുവാൻ ദൈവത്തിന് കഴിയും.

അശുഭചിന്തകൾ അകറ്റി ശുഭാപ്തി വിശ്വാസത്താൽ നമ്മുടെ മനസ്സിനെ നിറയ്ക്കുവാൻ ബോധപൂർവ്വമായ ഒരു ശ്രമം നടത്തുക. അതിന് ദൈവവിശ്വാസവും പ്രാർത്ഥനയും നമ്മെ സഹായിക്കും. "ദൈവമെ, മറ്റുള്ളവരിൽ നന്മ കാണുവാനും അവർക്ക് നന്മ ചെയ്യുവാനും ഇന്ന് എന്നെ സഹായിക്കണമെ" എന്ന പ്രാർത്ഥനയോടെ ഓരോ ദിവസവും ആരംഭിക്കൂ. ആ പ്രാർത്ഥന ദിവസം മുഴുവൻ നിങ്ങളുടെ മനസ്സിലുണ്ടായിരിക്കട്ടെ. ഒരു സ്ഥാപനത്തിൽ ആ ദിവസത്തെ ജോലി ആരംഭിക്കുമ്പോൾ ജീവനക്കാർ ഒരുമിച്ചുകൂടി ദൈവത്തിന്റെ നന്മ ഓർക്കുകയും അന്യോന്യം നന്മ ആശംസിക്കുകയും ചെയ്യുന്നത് എത്ര മനോഹരമായ പതിവാണ്!

ഓർക്കുക: നിങ്ങളുടേയും നിങ്ങളുടെ സാഹചര്യങ്ങളുടേയും ഭാഗദേയം നിർണ്ണയിക്കുവാൻ ദൈവം നിങ്ങളെത്തന്നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നല്ലത് ചിന്തിക്കൂ! നല്ലത് പ്രതീക്ഷിക്കൂ! നല്ലതിനായി പ്രാർത്ഥിക്കൂ! നല്ലതേ വരൂ!!

**ജേക്കബ് സാമുവൽ**
**ഡയറക്ടർ-പ്രോഗ്രാംസ്**

## ഇസാഫ് ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്തു



*ഇസാഫ് ഹോസ്പിറ്റലിന്റെ ഉദ്ഘാടനം അബ്ദുൾ ഖുദ്ദൂസ് നിർവ്വഹിക്കുന്നു. കെ. പോൾ തോമസ്, ജോർജ്ജ് തോമസ്, എസ്. സഹദേവൻ എന്നിവർ സമീപം*

**പാലക്കാട്:** ആതുര ശുശ്രൂഷരംഗത്ത് പുതിയൊരു കാൽവെപ്പുമായി പാലക്കാട് ടൗൺ ഹാളിന് സമീപം ഇസാഫ് ഹോസ്പിറ്റൽ പ്രവർത്തനമാരംഭിച്ചു. ഇസാഫിന്റെ ആരോഗ്യപരിപാലന വിഭാഗത്തിന്റെ മൂന്നാമത്തെ ആശുപത്രിയുടെ ഉദ്ഘാടനം പാലക്കാട് മുനിസിപ്പൽ ചെയർമാൻ അബ്ദുൾ ഖുദ്ദൂസ് നിർവ്വഹിച്ചു. ഇസാഫ് സാധാരണക്കാരായ ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നു എന്നത് അഭിനന്ദനാർഹമാണ് എന്ന് ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ഇസാഫ് ഗ്രൂപ്പ് സ്ഥാപകൻ കെ.പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. സമൂഹത്തിലെ എല്ലാ തട്ടിലുള്ളവർക്കും താങ്ങാവുന്ന രീതിയിൽ ലോകോത്തര നിലവാരത്തിലുള്ള ചികിത്സയും രോഗനിർണയ സംവിധാനവും ലഭ്യമാക്കുക എന്നതാണ് ഇസാഫ് ഹെൽത്ത് കെയറിന്റെ ലക്ഷ്യമെന്നും ഇസാഫിന്റെ എല്ലാ സ്ഥാപനങ്ങളിലും സാധാരണക്കാർക്ക് അർഹമായ പരിഗണനയും സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നതായും അദ്ദേഹം പറഞ്ഞു. പാലക്കാട് മുനിസിപ്പാലിറ്റി പ്രതിപക്ഷ നേതാവ് എസ്. സഹദേവൻ, റിട്ട. സിവിൽ സർജൻ ഡോ. കെ. രാജഗോപാലൻ, ഇസാഫ് മൈക്രോഫിനാൻസ് സ്ട്രാറ്റജിക്ക് അഡൈ്വസർ അസ്സൻ അക്ബർ, ഇസാഫ് ഹെൽത്ത്കെയർ ഡയറക്ടർ ജേക്കബ് സാമുവൽ, ഇസാഫ് മൈക്രോഫിനാൻസ് ജനറൽ മാനേജർ ബോസ്കോ ജോസഫ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സിനോജ് ബേബി എന്നിവരും പ്രസംഗിച്ചു.

## മൈക്രോ എനർജി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു




*ക്രിസ്തുദാസ് കെ.വി സോളാർ ലൈറ്റുകൾ വിതരണം ചെയ്യുന്നു*

**കൊടുങ്ങല്ലൂർ:** ഇസാഫ് മൈക്രോഫിനാൻസിന്റെ ഏറ്റവും പുതിയ വായ്പാ പദ്ധതിയായ മൈക്രോ എനർജി പ്രോഗ്രാമിന്റെ ഉദ്ഘാടനം ഇസാഫ് ഡയറി & എനർജി ജനറൽ മാനേജർ ക്രിസ്തുദാസ് കെ.വി ഉദ്ഘാടനം ചെയ്തു. പരിപാടിയോടനുബന്ധിച്ച് ഡ്യൂറോൺ സോളാർ ലൈറ്റുകൾ സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു. ആരോഗ്യത്തിനും പരിസ്ഥിതിയുടെ നിലനിൽപ്പിനും അനിവാര്യമായ ഊർജ്ജ ഉത്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡി.ജി.എം സെന്തിൽ വി., സീനിയർ മാനേജർ ജോർജ്ജ് പൗലോസ്, എൻ.ആർ.എം അസിസ്റ്റന്റ് മാനേജർ പി.ജെ. മാത്യു, ബ്രാഞ്ച് മാനേജർ മെറീന മാർട്ടിൻ ഡ്യൂറോൺ സോളാർ ലൈറ്റ്സ് പ്രതിനിധി ജോൺ ഫെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു.

## സൗജന്യ പഠനോപകരണ വിതരണം

**പാലക്കാട്:** ഇസാഫിന്റെയും എച്ച്.ഐ.വി അണുബാധിതരുടെ സംഘടനയായ സ്നേഹസാന്ത്വനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പാലക്കാട് സ്നേഹസാന്ത്വനം ഓഫീസിൽ സംഘടിപ്പിച്ച പരിപാടിയിൽ ഇസാഫ് പ്രോഗ്രാം ഡയറക്ടർ ജേക്കബ് സാമുവൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**നിലമ്പൂർ:** ഇസാഫ് നിലമ്പൂർ ശാഖയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടി




*അമ്പലപ്പുഴ ബ്രാഞ്ചിൽ നടന്ന പരിപാടിയിൽ സുദർശനൻ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു*

യിൽ നിലമ്പൂർ മുൻസിപ്പൽ ചെയർമാൻ ആര്യാടൻ ഷൗക്കത്ത് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**അമ്പലപ്പുഴ:** ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ അമ്പലപ്പുഴ ടൗൺ ഹാളിൽ സംഘടിപ്പിച്ച പഠനോപകരണ വിതരണം പുറക്കാട് പഞ്ചായത്ത് പ്രസിഡണ്ട് സുദർശനൻ ഉദ്ഘാടനം ചെയ്തു. പുന്നപ്ര പഞ്ചായത്ത് പ്രസിഡണ്ട് ത്യാഗരാജൻ, ഇസാഫ് മൈക്രോഫിനാൻസ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, എസ്.എച്ച്.ജി ഫെഡറേഷൻ മാനേജർ അംബിക സോമൻ, ആലപ്പുഴ ഏരിയ മാനേജർ വിജി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

## ഉന്നതവിജയം നേടിയവരെ ആദരിച്ചു



*വിജയികൾക്ക് കെ. പോൾ തോമസ് അവാർഡുകൾ വിതരണം ചെയ്യുന്നു*

**മണ്ണുത്തി:** ഇസാഫ് കുടുംബത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു വിഭാഗങ്ങളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് നൽകുന്ന പുരസ്കാരവും ക്യാഷ് അവാർഡും ജൂൺ 30-ന് ഇസാഫ് ട്രെയിനിങ്ങ് സെന്ററിൽ സംഘടിപ്പിച്ച ഇസാഫ് സ്റ്റാഫ് വെൽഫെയർ ട്രസ്റ്റിന്റെ നാലാമത് വാർഷിക ജനറൽ ബോഡി യോഗത്തിൽ ഇസാഫ് സ്ഥാപക എക്സിക്യുട്ടിവ് ഡയറക്ടർ കെ. പോൾ തോമസ് വിതരണം ചെയ്തു. ഇസാഫ് സ്റ്റാഫ് അംഗങ്ങളുടെ മക്കൾക്കായി ഇസാഫ് സ്റ്റാഫ് വെൽഫെയർ ട്രസ്റ്റ് ഏർപ്പെടുത്തിയ അവാർഡിന് കേരള സോണിൽ നിന്നും ആറ് പേർ അർഹരായി.

**1. ഷെനിൽ ജോസ് ടി.**
(s/o മോളി ജോസ്, ആമ്പല്ലൂർ ബ്രാഞ്ച്)
**2. ആനന്ദ് ജെസ്റ്റിൻ**
(s/o ഫിലോമിന മോളി, ശംഖുമുഖം ബ്രാഞ്ച്)
**3. മദൻ ലാൽ എൻ.**
(s/o വേളാങ്കണ്ണി, മറയൂർ ബ്രാഞ്ച്)
**4. ചിഞ്ചു വർഗ്ഗീസ്**
(d/o ഷുബി വർഗ്ഗീസ്, പട്ടിക്കാട് ബ്രാഞ്ച്)
**5. പിങ്കി ഷാജി**
(d/o സൂസൻ കെ.പി., മുടപ്പല്ലൂർ ബ്രാഞ്ച്)
**6. സ്റ്റീവ് ജോർജ്ജ്**
(s/o ജോർജ്ജ് തോമസ്, ഡയറക്ടർ ഓപ്പറേഷൻസ്, ഇസാഫ്)

## ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

**പാലക്കാട്:** ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ നേതൃത്വത്തിൽ പാലക്കാട് സിത്താര മഹൽ ഓഡിറ്റോറിയത്തിൽ 'മഴക്കാലരോഗങ്ങളും പ്രതിവിധികളും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. ക്ലസ്റ്റർ സെക്രട്ടറി നിഷ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഇസാഫ് ഹോസ്പിറ്റലിലെ ഡോ. സുനിത ക്ലാസ്സുകൾ നയിച്ചു. പാലക്കാട് ബ്രാഞ്ച് മാനേജർ സനൽ പി.ബി സെമിനാറിന് നേതൃത്വം നൽകി.

**പാറ:** ഇസാഫ് പാറ ബ്രാഞ്ചിൽ സംഘടിപ്പിച്ച ആരോഗ്യ ബോധവൽക്കരണ പരിപാടിയിൽ എലപ്പുള്ളി ഹെൽത്ത് ഇൻസ്പെക്ടർ മഹേഷ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പാലക്കാട് ഏരിയ മാനേജർ ബിജു ഇ.ജെ, ബ്രാഞ്ച് മാനേജർ സനൽ പി.ബി എന്നിവർ പ്രസംഗിച്ചു.

## ചികിത്സാ സഹായം നൽകി



**ഇസാഫ് വാണിയംകുളം ശാഖയിൽ സംഘടിപ്പിച്ച പരിപാടിയിൽ ഹൃദയ സംബന്ധമായ അസുഖബാധിതനായ അഞ്ചു വയസ്സുകാരൻ അജിത്തിന് അടിയന്തര ചികിത്സാ ധനസഹായം ഇസാഫ് പ്രോഗ്രാം ഡയറക്ടർ ജേക്കബ് സാമുവൽ വിതരണം ചെയ്യുന്നു.**

## വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തു



*ജേക്കബ് സാമുവൽ ധനസഹായം വിതരണം ചെയ്യുന്നു*

**കൊഴിഞ്ഞാമ്പാറ:** ഇസാഫിന്റെ കരകൗശല നിർമ്മാണ യൂണിറ്റുകളിലെ ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകി. കൊഴിഞ്ഞാമ്പാറയിലും വഞ്ചിപ്പുരയിലും മതിലകത്തും സംഘടിപ്പിച്ച പരിപാടികളിൽ ഇസാഫ് പ്രോഗ്രാം ഡയറക്ടർ ജേക്കബ് സാമുവൽ, ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസേഴ്സ് കമ്പനി ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ജോജി കോശി വർഗ്ഗീസ് എന്നിവർ വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തു.

## സാമ്പത്തിക സാക്ഷരത പരിപാടി

**കുണ്ടുകാട്:** ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വില്ലടം ഗവൺമെന്റ് സ്കൂളിൽ സാമ്പത്തിക സാക്ഷരത പരിപാടി സംഘടിപ്പിച്ചു. തൃശ്ശൂർ കോർപ്പറേഷൻ വില്ലടം കൗൺസിലർ ഡേവിസ് ശീലാസ് പരിപാടി ഉദ്ഘാടനം ചെയ്തു. ഇസാഫ് മൈക്രോഫിനാൻസ് ഡി.ജി.എം സൈബു കെ.എ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## ലോക പരിസ്ഥിതിദിനം ആചരിച്ചു



*പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ക്രിസ്തുദാസ് കെ.വി സ്കൂൾ പ്രിൻസിപ്പൽ മീര സുന്ദരത്തിന് വൃക്ഷത്തൈ നൽകുന്നു*

**മണ്ണുത്തി:** ലോക പരിസ്ഥിതി ദിനാചരണത്തിൽ ഇസാഫും പങ്കുചേർന്നു. സംസ്ഥാന വനം വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ ഇസാഫിന്റെ പ്രകൃതി വിഭവ സംരക്ഷണ വിഭാഗം ഡയറക്ടർ ക്രിസ്തുദാസ് കെ.വി മുഖ്യ സന്ദേശം നൽകി. പരിപാടിയോടനുബന്ധിച്ച് തൃശ്ശൂർ, കുറ്റുമുക്ക് സാന്ദീപനി വിദ്യാനികേതൻ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ മീര സുന്ദരം പ്രസംഗിച്ചു.

## സ്വയംതൊഴിൽ പരിശീലനം



*ഒറ്റപ്പാലം ബ്രാഞ്ചിൽ സംഘടിപ്പിച്ച സ്വയം തൊഴിൽ പരിശീലനത്തിൽ നിന്ന്*

ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ നേതൃത്വത്തിൽ വാകത്താനം, തൃശ്ശൂർ, കൊല്ലം, കരുനാഗപ്പള്ളി, പുനലൂർ, വടക്കാഞ്ചേരി, കായംകുളം, ഒറ്റപ്പാലം എന്നീ ബ്രാഞ്ചിലെ സംഘാംഗങ്ങൾക്ക് കുട നിർമ്മാണത്തിലും ബുക്ക് ബൈൻഡിങ്ങിലും പരിശീലനം നൽകി. ഇസാഫ് ബി.ഡി.എസ് പ്രോഗ്രം കോ-ഓർഡിനേറ്റർ മിനി തോമസ് പരിശീലനങ്ങൾക്ക് നേതൃത്വം നൽകി.

## ജ്യോതിർഗമയ

ഇസാഫ് കിഡ്സ് ഫോർ കിഡ്സിന്റെ ആഭിമുഖ്യത്തിൽ കാട്ടാക്കട, ഏറ്റുമാനൂർ, പട്ടിക്കാട്, പാമ്പാടി, അരൂർ എന്നീ ശാഖകളിലെ സംഘാംഗങ്ങളുടെ മക്കൾക്ക് ദ്വിദിന പരിശീലനപരിപാടിയായ ജ്യോതിർഗമയ സംഘടിപ്പിച്ചു. ഇസാഫ് എസ്.എച്ച്.ജി പ്രോഗ്രാം കോ-ഓർഡിനേറ്റർ സെരൂബ് കെ. ബേബി ക്ലാസുകൾക്ക് നേതൃത്വം നൽകി.

**കൂടുതൽ വാർത്തകൾക്കും ചിത്രങ്ങൾക്കും സന്ദർശിക്കുക**

www.facebook.com/ESAFMicrofin
www.twitter.com/esafmicrofin